**കേരള സർക്കാർ**
**പതിമൂന്നാം കേരള നിയമസഭ**
**എട്ടാം സമ്മേളനം.**

**നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.556 19.03.2013-ൽ മറുപടിയ്ക്ക്**

**മെമ്മോറാണ്ടം ഡ്രാഫ്റ്റിംഗ് കമ്മിറ്റി**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.കെ.ദാസൻ | ശ്രീ.കെ.എം.മാണി<br>ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പു മന്ത്രി |
| എ) 14-ാം ധനകാര്യ കമ്മീഷൻ മുൻപാകെ സംസ്ഥാന താൽപര്യങ്ങൾ മുൻനിർത്തി എന്തെല്ലാം നിർദ്ദേശങ്ങളാണ് സമർപ്പിച്ചത് എന്ന് വിശദമാക്കാമോ ; | 14-ാം ധനകാര്യ കമ്മീഷനു മുൻപിൽ സംസ്ഥാനം നിർദ്ദേശങ്ങൾ സമർപ്പിച്ചിട്ടില്ല. കേന്ദ്ര നികുതിയുടെ യുക്തിസഹമായ പങ്ക് വയ്ക്കൽ ഉൾപ്പെടെയുള്ള കാര്യങ്ങൾ ഫലപ്രദമായി ധനകാര്യകമ്മീഷൻ മുൻപാകെ അവതരിപ്പിക്കുവാൻ 01.11.2012 ലെ സർക്കാർ ഉത്തരവ് നമ്പർ 9263/2012/ധന പ്രകാരം ബഹു: ധനകാര്യ വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ ഒരു മെമ്മോറാണ്ടം ഡ്രാഫ്റ്റിംഗ് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. പതിനാലാം ധനകാര്യ കമ്മീഷനു മുൻപിൽ അവതരിപ്പിക്കേണ്ടുന്ന സംസ്ഥാനത്തിന്റെ ആവശ്യങ്ങളും നിർദ്ദേശങ്ങളും സംബന്ധിച്ച് സ്വീകരിക്കേണ്ടുന്ന സമീപനവും തന്ത്രവും ഈ കമ്മിറ്റി പരിശോധിച്ചു വരുന്നു. |
| ബി)നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിന് രൂപം കൊടുത്തിട്ടുള്ള ഡ്രാഫ്റ്റിംഗ് കമ്മിറ്റിയിലെ അംഗങ്ങൾ ആരെല്ലാം; പ്രസ്തുത കമ്മിറ്റിയുടെ മുൻപിൽ എന്തെല്ലാം നിർദ്ദേശങ്ങൾ ഇതിനകം വന്നിട്ടുണ്ട് എന്ന് വിശദമാക്കാമോ; വന്നിട്ടുള്ള നിർദ്ദേശങ്ങളുടെ വിശദാംശം വ്യക്തമാക്കാമോ; | ധനകാര്യ വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ രൂപീകരിച്ച മെമ്മോറാണ്ടം ഡ്രാഫ്റ്റിംഗ് കമ്മിറ്റിയിലെ അംഗങ്ങൾ താഴെ പറയുന്നവരാണ്.<br>(i) ശ്രീ.കെ.എം.ചന്ദ്രശേഖർ, സംസ്ഥാന ആസൂത്രണ ബോർഡ് ഉപാദ്ധ്യക്ഷൻ<br>(ii) ശ്രീ.എം.ആർ.ശിവരാമൻ, മുൻ കേന്ദ്ര റവന്യു സെക്രട്ടറി<br>(iii) ചീഫ് സെക്രട്ടറി |

| | |
|---|---|
| | (iv) ധനകാര്യ പ്രിൻസിപ്പൽ സെക്രട്ടറി<br>(v) ആസൂത്രണ സാമ്പത്തിക കാര്യ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി<br>(vi) ധനകാര്യ എക്സ്പെൻഡിച്ചർ സെക്രട്ടറി<br>(vii) ഓഫീസർ ഓൺ സ്പെഷ്യൽ ഡ്യൂട്ടി (ഫിനാൻസ് റിസോഴ്സസ്)<br>പ്രസ്തുത കമ്മിറ്റിയുടെ മുമ്പാകെ നിർദ്ദേശങ്ങളൊന്നും തന്നെ ഇതേവരെ ലഭിച്ചിട്ടില്ല |
| സി) മെമ്മോറാണ്ടം ഡ്രാഫ്റ്റിംഗ് കമ്മിറ്റിയുടെ ടേംസ് ഓഫ് റഫറൻസ് എന്തെല്ലാം; വിശദമാക്കാമോ? | പതിനാലാം ധനകാര്യ കമ്മീഷന്റെ ടേംസ് ഓഫ് റഫറൻസ് പരിശോധിച്ച് കമ്മീഷൻ മുമ്പാകെ അവതരിപ്പിക്കേണ്ടുന്ന സംസ്ഥാനത്തിന്റെ ആവശ്യങ്ങളും നിർദ്ദേശങ്ങളും അടങ്ങുന്ന മെമ്മോറാണ്ടം തയ്യാറാക്കുകയാണ് മെമ്മോറാണ്ടം ഡ്രാഫ്റ്റിംഗ് കമ്മിറ്റിയുടെ ചുമതല. പ്രത്യേക ടേംസ് ഓഫ് റഫറൻസ് നിശ്ചയിച്ചിട്ടില്ല. |

**അക്കൗണ്ട്സ് ഓഫീസർ**